നം. ഇ.എസ്2-576/2021/ആ.വ.ഡ.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 26-03-2021

# നോട്ടീസ്

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - 31-12-2020 വരെയുള്ള കാലയളവിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസ് തിരുവനന്തപുരം, ജൂനിയർ സൂപ്രണ്ട്, ശ്രീമതി. ജീന.എം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് താത്ക്കാലിക സ്ഥാനം നൽകി നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഉത്തരവ് നം. ഇ.എസ്2-57470/18/ആ.വ.ഡ, തീയതി 21-12-2018
2) ഉത്തരവ് നം. ഇ.ഡി1-09/2019/ആ.വ.ഡ, തീയതി 27-12-2019
3) ഉത്തരവ് നം. ഇ.എസ്2-576/2021/ആ.വ.ഡ, തീയതി 08-02-2021

-----------

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതിജീന.എം സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ 31-12-2020 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ആയതിൽ ഉൾപ്പെടുത്തി പ്രൊമോഷനുവേണ്ടി പരിഗണിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ശ്രീമതി. ജീന.എം സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഹെഡ് ക്ലാർക്കുമാരുടെ 31-07-2018 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 12-ാം റാങ്കുകാരി ആയിരുന്നു. ഇ.ഡി1/09/2018/ആ.വ.ഡ, തീയതി 20-08-2018 പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്നുവെങ്കിലും പ്രൊമോഷൻ ലഭിച്ചത് സൂചന (2) ഉത്തരവ് ഇ.ഡി1/09/2019/ആ.വ.ഡ. പ്രകാരം 27-12-2019 ന മാത്രമാണ്. 09-01-2020 നാണ് ജൂനിയർ സൂപ്രണ്ട് ആയി ജോലിയിൽ പ്രവേശിച്ചത്.

31-12-2020 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ താത്ക്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് അപ്പീൽ സമയം അനുവദിച്ചിരുന്നുവെങ്കിലും ടിയാരി അപ്പീൽ നൽകിയിരുന്നില്ല. ആയതിനാൽ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച 31-12-2020 വരെയുള്ള ജൂനിയർ സൂപ്രണ്ട് അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ജീന.എം. ഉൾപ്പെട്ടിരുന്നില്ല.

അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രീമതി. ജീന.എം-നെ സൂചന (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 1 ആയി ഉൾപ്പെടുത്താവുന്നതും റാങ്ക് നമ്പർ 1 ആയിട്ടുള്ള ശ്രീ. ബിജു.കെ.സാമുവലിനെ 1 A ആയി സ്ഥാനം പുനർനിർണ്ണയം ചെയ്ത് നൽകാവുന്നതാണെന്നും മനസ്സിലാക്കുന്നു.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി ജീന.എം.-ന് സൂചന (3) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ 31-12-2020 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 1 എന്ന താത്ക്കാലിക സ്ഥാനവും ഇപ്പോൾ റാങ്ക് നം. 1 ആയി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ ബിജു.കെ.സാമുവലിന് റാങ്ക് നം. 1 A യും നൽകി ഇതിനാൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് & പെൻ നം. | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പഴയ റാങ്ക് നം. | പുതിയ റാങ്ക് നം. |
|---|---|---|---|---|---|
| 1 | ജീന.എം<br>പെൻ: 391260 | 15-05-1966 | 15-10-1990 | - | 1 |
| 2 | ബിജു.കെ.സാമുവൽ<br>പെൻ: 302202 | 10-05-1969 | 11-07-1988 | 1 | 1 (എ) |

ഈ നോട്ടീസിൻമേൽ ആർക്കെങ്കിലും ആക്ഷേപം ഉള്ളപക്ഷം ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലം എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ല എന്ന നിഗമനത്തിൽ നോട്ടീസ് അന്തിമമാക്കുന്നതാണ്.

**(ഒപ്പ്)**
**കുമാരി ബീന.വി.റ്റി.**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
3) ഫയൽ / കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

SS-26-03-2021